**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 247** **27-01-2026 - ൽ മറുപടിയ്ക്ക്**

**പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2020-ൽ ഭരണാനുമതി ലഭിച്ച പാനൂർ താലൂക്ക് ആശുപത്രിയുടെ നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | പാനൂർ താലൂക്ക് ആശുപത്രി വികസനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട് ആയതിലേയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ബി) | പാനൂർ താലൂക്ക് ആശുപത്രിയുടെ സ്ഥലമെടുപ്പിന് വേണ്ടി കിഫ്ബി അനുവദിച്ച തുക ഭൂവുടമക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ലഭ്യമാക്കാമോ; | (ബി) | പാനൂർ താലൂക്കാശുപത്രിയ്ക്ക് കിഫ്ബി ഫണ്ടുപയോഗിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശിപാർശ കിഫ്ബി അംഗീകരിച്ച് 10,86,92,866/- രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ അധികൃതരുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി അംഗീകാരം നേടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (സി) | പാനൂർ താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്ത ശേഷം കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ, വിശദമാക്കാമോ; | (സി) | മറുപടി പിരിവ് ബി യിൽ ചേർത്തിരിക്കുന്നു |
| (ഡി) | പാനൂർ താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ? | (ഡി) | മറുപടി പിരിവ് ബി യിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ